# എൽആർസി 55-ാമത് സെമിനാർ സമാപിച്ചു

കൊച്ചി: സീറോ-മലബാർ സഭയുടെ ഗവേഷണപഠനവിഭാഗമായ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ 55 -ാമത് സെമിനാർ 2018 മാർച്ച് 15, 16 തിയതികളിൽ നടന്നു. സഭയുടെ ആസ്ഥാനകാര്യലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസ് ആയിരുന്നു സെമിനാറിന്റെ വേദി. സീറോ-മലബാർ സഭ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി ആഘോഷങ്ങളുടെ പശ്ചാത്തലത്തിലാണ് എൽആർസി 55-ാമത് സെമിനാർ സംഘടിപ്പിച്ചത്.

"സീറോ-മലബാർ സഭയുടെ വളർച്ചയും നവീകരണവും ഭാവിയിലേക്കുള്ള ദിശാബോധവും" എന്നതായിരുന്നു സെമിനാറിന്റെ വിഷയം. സീറോ-മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണ് സെമിനാർ ഉദ്ഘാടനം ചെയ്തത്. സമൂഹത്തെ പടുത്തുയർത്താൻ സഭാംഗങ്ങൾ സ്വയം സമർപ്പിക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കർദിനാൾ ആഹ്വാനം ചെയ്തു. പരസ്പരം അംഗീകരിക്കുകയും പങ്കുവെയ്ക്കുകയും സംവാദങ്ങളിലൂടെ സമന്വയത്തിലെത്തിച്ചേരുകയും ചെയ്യുക എന്നത് സഭാത്മകജീവിതത്തിന്റെ അനിവാര്യമായ ജീവിതശൈലിയാണെന്ന് അദേഹം ഓർമ്മിപ്പിച്ചു.

ക്രിസ്തീയമായ സന്തോഷം സഭയിലൊന്നാകെ അനുഭവിക്കാൻ തക്കവിധം മുന്നേറുന്നതിന് സെമിനാർ കാരണമാകട്ടെ എന്നും അദേഹം ആശംസിച്ചു. കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷനായിരുന്നു. എൽആർസി ചെയർമാൻ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ വിഷയാവതാരണം നടത്തി. മുഖ്യാതിഥി ശ്രീ. എം. പി. ജോസഫ് ഐഎഎസ് (റിട്ട.), എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ എന്നിവർ പ്രസംഗിച്ചു. സീറോ -മലബാർ സഭയിലെ അഭിവന്ദ്യരായ  പിതാക്കന്മാർ സെമിനാറിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾക്കും ചിന്തകൾക്കും നേതൃത്വം നൽകുകയും ചെയ്തു.

എൽആർസി ചെയർമാൻ കൂടിയായ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, എൽആർസി എപ്പിസ്ക്കോപ്പൽ മെമ്പർ ബിഷപ്പ് മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ബിഷപ്പ് മാർ ജോസ് പൊരുന്നേടം എന്നിവരാണ് സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച സഭാമേലദ്ധ്യക്ഷന്മാർ. ഇവർക്കു പുറമെ റവ. ഡോ. സൂരജ് പിട്ടാപ്പിള്ളിൽ, റവ. ഡോ. ഫ്രാൻസീസ് എലുവത്തിങ്കൽ, റവ. ഡോ. ജെയിംസ് തലച്ചെല്ലൂർ, ഡോ. മാർട്ടിൻ കല്ലുങ്കൽ, റവ. ഡോ. ജോസ് കുറിയേടത്ത്, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, മോൺസി. ഡോ. ആന്റണി നരികുളം, റവ. ഡോ. പോളി മണിയാട്ട്, റവ. ഡോ. ജിഫി മേക്കാട്ടുകുളം, ഡോ. റീത്താമ്മ കെ. വി., അഡ്വ. ജോസ് വിതയത്തിൽ, റവ. ഡോ. സി. മരിയ ആന്റോ സിഎംസി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. റവ. ഡോ. ജോർജ് മഠത്തിപ്പറമ്പിൽ, ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, ശ്രീമതി കൊച്ചുറാണി ജോസഫ്, റവ. സി. ലിന്റ എസ്എച്ച് എന്നിവർ മോഡറേറ്റർമാരായിരുന്നു.

സീറോ-മലബാർ സഭ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭ എന്ന നിലയിൽ ഇരുപത്തിയഞ്ചു വർഷങ്ങളിലൂടെ കൈവരിച്ച ആഗോളവീക്ഷണത്തിന്റെ വിവിധ വശങ്ങൾ സെമിനാറിൽ സവിശേഷമായി അവതരിപ്പിക്കപ്പെട്ടു. സീറോ-മലബാർ സഭയിലെ മിഷനറിമാർ ഇന്ത്യയിൽ മാത്രമല്ല, ആഗോളസഭയിലെ വിവിധങ്ങളായ മേഖലകളിൽ സക്രിയമായി ഇടപെടുകയും സഭയുടെ അതിപ്രാചീനവും ദൈവശാസ്ത്രപരവും സഭാത്മകവുമായ വീക്ഷണത്തിനു ശക്തമായ സാക്ഷ്യം നൽകുകയും ചെയ്യുന്നതിന്റെ സന്തോഷം വിവിധ സെഷനുകളിലും ചർച്ചകളിലും ഉന്നയിക്കപ്പെട്ടു. ആഗോളസഭയിലെ സഭാംഗങ്ങളുടെ സാന്നിധ്യം മത്സരങ്ങൾ സൃഷ്ടിക്കുകയല്ല വേണ്ടത്. അതാത്

സഭാസമൂഹത്തിൽ നമ്മുടെ സമ്പന്നമായ പൈതൃകത്തിന്റെ വിനിമയം നടത്തുകയാണ് ചെയ്യേണ്ടത് എന്ന് സെമിനാർ വിലയിരുത്തി. സഭയുടെ ആഗോളമായ കാഴ്ച്ചപ്പാട് ഭാവാത്മകമായ ഈ സാന്നിധ്യത്തിനും വിനിമയത്തിനും ഊന്നൽ നൽകുകയായിരിക്കണം എന്ന് സെമിനാറിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

21-ാം നൂറ്റാണ്ടിൽ സീറോ-മലബാർ സഭയുടെ സുവിശേഷാത്മകമായ സ്വത്വം, സഭയുടെ ചരിത്രപശ്ചാത്തലം - ഒരവലോകനം, ഇന്ത്യയിലെ തന്നെ പ്രവാസികളായ സീറോ-മലബാർ സഭാംഗങ്ങളുടെ സുവിശേഷവൽക്കരണവും അജപാലനദൗത്യവും, ഇന്ത്യയൊന്നാകെയുള്ള സഭയുടെ അജപാലനദൗത്യത്തിന്റെ വെല്ലുവിളികൾ, സഭയുടെ ആഗോളമാനവും സാർവത്രിക ദൗത്യവും, സ്വയംഭരണാധികാരസഭയായി ഉയർത്തപ്പെടാനുള്ള ചരിത്രപരവും കാനോൻ നിയമപരവുമായ അടിസ്ഥാനങ്ങൾ, സിനഡ് സംവിധാനത്തിന്റെയും നിയമാനുസൃതമായ സ്ഥാനത്തിന്റെയും കാനോനികമായ മാനങ്ങളും വെല്ലുവിളികളും, സീറോ-മലബാർ സഭയുടെ വ്യക്തിഗത നിയമസംഗ്രഹം - ഒരവലോകനം, സഭയുടെ ആത്മീയവഴിത്താര, കേരളത്തിന്റെ രാഷ്ട്രീയസാമൂഹ്യതലങ്ങളിൽ സഭയുടെ കർമ്മവീഥി എന്നീ വിഷയങ്ങൾ സെമിനാറിൽ അവതരിപ്പിച്ചു.

16-ാം തിയതി വൈകുന്നേരം നടന്ന സമാപനസമ്മേളനത്തിൽ കർദിനാൾ മാർ ആലഞ്ചേരി മുഖ്യസന്ദേശം നൽകി. സെമിനാർ മുന്നോട്ടുവെച്ച ചിന്താഗതികളെ കർദിനാൾ പ്രത്യേകം ശ്ലാഘിച്ചു. സ്ഥാപനങ്ങൾ സുവിശേഷവത്കരിക്കപ്പെടണമെന്നും സഞ്ചരിക്കുന്ന ക്രിസ്തുവായി ക്രൈസ്തവർ സമൂഹത്തിൽ വ്യാപരിക്കണമെന്നും അദേഹം ഓർമ്മിപ്പിച്ചു. സഭയെന്നാൽ സ്ഥാപനങ്ങൾ അല്ലെന്നും സ്ഥാപനങ്ങൾ സുവിശേഷവത്കരിക്കപ്പെടണമെന്നും അവ സുവിശേഷവത്കരണത്തിനുള്ള ഉപകരണങ്ങളാകണമെന്നും അദേഹം എടുത്തു പറഞ്ഞു. മത്സരത്തിലൂടെ മേധാവിത്വം നേടുകയല്ല വ്യക്തികളും സഭയും സമൂഹവും ചെയ്യേണ്ടത്. പരസ്പരം പങ്കുവെച്ച് വളരുവാൻ ഔത്സുക്യം കാണിക്കണമെന്ന് അദേഹം ആഹ്വാനം ചെയ്തു. സമാപനസമ്മേളനത്തിൽ മുഖ്യാതിഥിയായ ഡോ. താങ്ക്സി ഫ്രാൻസീസ് തെക്കേക്കര ഐഎഎസ് (റിട്ട.), കൂരിയ ചാൻസലർ റവ. ഡോ. ആന്റണി കൊള്ളന്നൂർ എന്നിവർ പ്രസംഗിച്ചു.

സെമിനാറിൽ ഉരുത്തിരിഞ്ഞ വിഷയങ്ങൾ ക്രോഡീകരിച്ച് സഭയുടെ സിനഡിന് സമർപ്പിക്കുന്നതിന് ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അദ്ധ്യക്ഷനായ ഒരു സമിതിയെ കർദിനാൾ മാർ ആലഞ്ചേരി ചുമതലപ്പെടുത്തി. ബിഷപ്പ് മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ, റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, ഡോ. സൂരജ് പിട്ടാപ്പിള്ളിൽ, റവ. ഡോ. നോബിൾ മണ്ണാറത്ത്, റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ എന്നിവരാണ് സമിതിയിലെ മറ്റംഗങ്ങൾ.

സെമിനാർ സംഘടിപ്പിച്ചത് എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴയാണ്. രജതജൂബിലി ആഘോഷിക്കുന്ന സഭ അതിന്റെ ചൈതന്യവത്തായ പൂർവ്വകാലം അനുസ്മരിക്കുന്നത് പുതിയ ദിശാബോധത്തോടെ ഭാവിയിലേക്കു മുന്നേറാനാണ് എന്ന് അദ്ദേഹം എടുത്തു പറഞ്ഞു. സീറോ-മലബാർ സഭയുടെ ഗവേഷണപഠനവിഭാഗം എന്ന നിലയിൽ ഇത്തരം അന്വേഷണങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ എൽആർസി പ്രതിജ്ഞാബദ്ധമാണെന്നും അദേഹം അറിയിച്ചു. വിവിധ രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽ നിന്നുമുള്ള പ്രതിനിധികളും അൽമായരുമായി 130 - ലധികം പേർ സെമിനാറിൽ പങ്കെടുത്തു. എൽആർസി 55-ാമത് സെമിനാറിന് ഡോ. നോബിൾ മണ്ണാറത്ത്, ടോമി ജോസഫ് അറയ്ക്കൽ, റവ. സി. ബ്ലെസിൻ ജോസ് സിഎസ്എൻ, മിസ് ബിന്റുമോൾ കല്ലൂപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

സെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ എൽആർസിയുടെ ഔദ്യോഗിക ജേർണലായ തോമസ് ക്രിസ്ത്യൻ ഹെറിറ്റേജിൽ പ്രസിദ്ധീകരിക്കുന്നതാണ്.